**21.11.2023 ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ ചേമ്പറിൽ കൂടിയ സിറ്റിസൺ അസിസ്റ്റൻസ് സ്ഥിരം അദാലത്ത് ജില്ലാതല സമിതിയുടെ മിനിറ്റ്സ്.**

യോഗത്തിൽ താഴെ പറയുന്നവർ പങ്കെടുത്തു.

1. അരുൺ രംഗൻ, ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ ( ചെയർമാൻ)
2. രാജീവ് കെ ആർ, ജില്ലാ ടൗൺ പ്ലാനർ, തൃശ്ശൂർ
3. ജോജി പോൾ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ
4. വിധു എ മേനോൻ, അസിസ്റ്റന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ, (കൺവീനർ)

അജണ്ട 1

ശ്രീ.അബ്ദുൾ മനാഫ് മുതൽ പേർ, ചുണ്ടപ്പറമ്പിൽ വീട്, പുന്നയൂർക്കുളം പി , തൃശ്ശൂർ എന്നവരുടെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ ഒക്യുപൻസി അനുവദിക്കാത്തത് സംബന്ധിച്ച പരാതിയിൽ തുടർനടപടി സ്വീകരിച്ചത് സംബന്ധിച്ച്.

തീരുമാനം 1

ശ്രീ. അബ്ദുൾ മനാഫ് മുതൽപേർ, ചുണ്ടപ്പറമ്പിൽ വീട് എന്നവരുടെ പരാതിയിൽ ജില്ലാ ടൗൺ പ്ലാനർ അറിയിച്ച ന്യൂനതകൾ പരിഹരിക്കുന്ന മുറയ്ക്ക് അപേക്ഷ പരിഗണിക്കുന്നതാണെന്ന വിവരം പരാതിക്കാരനെ അറിയിക്കുന്നതിന് 01.11.2023 ന് കൂടിയ സിറ്റിസൺ അസിസ്റ്റൻസ് സ്ഥിരം അദാലത്ത് ജില്ലാ സമിതിയിൽ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരനെ 10.11.2023 ന കത്ത് മുഖേന വിവരം അറിയിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ ന്യൂനതകൾ പരിഹരിച്ചിട്ടില്ല എന്ന് ജില്ലാ ടൗൺ പ്ലാനർ സമിതിയിൽ അറിയിച്ചു. ന്യൂനതകൾ പരിഹരിക്കുന്ന മുറയ്ക്ക് ജില്ലാ ടൗൺ പ്ലാനർ അപേക്ഷ പരിഗണിക്കുന്നതാണെന്ന് സമിതിയിൽ അറിയിച്ചു. ആയതിനാൽ നിലവിൽ പ്രസ്തുത പരാതിയിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

അജണ്ട 2

ശ്രീമതി. ആശ ഗിരിജൻ, നമ്പുകുളങ്ങര വീട് എന്നവരുടെ പരാതി- ലൈസൻസില്ലാതെ പ്രവർത്തിച്ചുവരുന്ന ലേഡീസ് ഹോസ്റ്റലിനെതിരെയുള്ള പരാതി സംബന്ധിച്ച്.

തീരുമാനം 2

ശ്രീമതി. ആശാ ഗിരിജൻ, നമ്പുകുളങ്ങര വീട് എന്നവരുടെ പരാതി ജില്ലാ സമിതി പരിശോധിച്ചു. ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചുവരുന്ന ലേഡീസ് ഹോസ്റ്റലിനെതിരെയുള്ള പരാതിയാണ്. നിലവിൽ സേവനം ലഭിക്കാത്തതുമായി ബന്ധപ്പെട്ട പരാതികളാണ് സിറ്റിസൺ അസിസ്റ്റൻസ് സ്ഥിരം അദാലത്ത് ജില്ലാ സമിതിയിൽ പരിഗണിക്കുന്നത്. എന്നാൽ ടി പരാതി സേവനം ലഭിക്കാത്തതുമായി ബന്ധപ്പെട്ട പരാതിയുടെ ഗണത്തിൽ വരുന്നതല്ല എന്ന് സമിതി വിലയിരുത്തി. ആയതിനാൽ പരാതി നിരസിക്കുന്നതിന് തീരുമാനിച്ചു. എന്നിരുന്നാലും പ്രസ്തുത പരാതി പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

അജണ്ട 3

ആളൂർ ഗ്രാമപഞ്ചായത്തിലെ സെന്റ് ജോസഫ് കോൺവെന്റ് സുപ്പീരിയർ എന്നവരുടെ പരാതി- സ്കൂൾ കെട്ടിടത്തിൽ നടത്തിയിട്ടുള്ള എക്സ്റ്റൻഷൻ വർക്കുകൾ ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച്.

തീരുമാനം 3

ആളൂർ ഗ്രാമപഞ്ചായത്തിലെ സെന്റ് ജോസഫ് കോൺവെന്റ് സുപ്പീരിയർ സമർപ്പിച്ച പരാതി ജില്ലാ സമിതി പരിശോധിച്ചു. പ്രസ്തുത പരാതി സിറ്റിസൺ അസിസ്റ്റൻസ് ഉപജില്ലാ സമിതിയിൽ നിന്നും (TCR4 Sub District ) Escalate ചെയ്തു വന്നിട്ടുള്ളതാണ്. ആളൂർ ഗ്രാമപഞ്ചായത്തിലെ സെന്റ് ജോസഫ്

ഇംഗ്ലീഷ് മീഡിയം സ്കൂൾ കെട്ടിടത്തിൽ നടത്തിയിട്ടുള്ള എക്സ്റ്റൻഷൻ വർക്കുകൾ ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച പരാതിയാണ്. നിലവിൽ സ്കൂൾ അധികൃതർ സ്കൂൾ കെട്ടിടം ക്രമവൽക്കരണം ചെയ്ത് ലഭിക്കുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതിക്കായി അപേക്ഷിച്ചിരിക്കുന്ന സാഹചര്യത്തിലും, ടി വിഷയത്തിൽ ബഹു പ്രിൻസിപ്പൽ ഡയറക്ടർക്ക് ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും 10.10.2023 ന് (LSGD/JD/TSR/4782/2023-C2) നമ്പർ ഫയൽ പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിലും, ബഹു. സർക്കാരിന്റെ തീരുമാനത്തിനു വിധേയമായി മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കു എന്നുള്ള വിവരം ഹർജിക്കാരനെ അറിയിക്കുന്നതിന് തീരുമാനിച്ചു.

കൺവീനർ
സിറ്റിസൺ അസിസ്റ്റൻസ്
സ്ഥിരം അദാലത്ത് ജില്ലാ സമിതി
തൃശ്ശൂർ

തൃശ്ശൂർ
പിൻ – 680003

ചെയർമാൻ
സിറ്റിസൺ അസിസ്റ്റൻസ്
സ്ഥിരം അദാലത്ത് ജില്ലാ സമിതി
തൃശ്ശൂർ